

04-11-2022

FRIDAY

വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Suraj S** **Editor : Dr. Saritha Vijayan K.**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-04/11/2022.

1. കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റ് ആയി കണക്കാക്കി ലഭ്യമായ വിഭവ ശേഷി ശാസ്ത്രീയമായി ഉപയോഗപ്പെടുത്തി അതുവഴി സംസ്ഥാനത്തിന്റെ ഉൽപാദനത്തിൽ ഗണ്യമായ വർദ്ധനവും അതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കർഷകരുമായി കൂടിയാലോചിച്ചു ശാസ്ത്രീയ വിഭവാധിഷ്ഠിത ആസൂത്രണ പ്രകാരം ഈ വർഷം മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണ് **വിളയിടാധിഷ്ഠിത വികസന പദ്ധതി**. വിളയിടാധിഷ്ഠിത സമീപനത്തിൽ നിന്ന് മാറി സംയോജിത, ബഹുവിള കൃഷി സമ്പ്രദായത്തിലൂടെ വികസിപ്പിക്കുന്ന മാതൃകത്തോട്ടങ്ങൾ സൃഷ്ടിക്കും എന്നതാണ് ഇതിലൂടെ കൃഷിവകുപ്പ് ലക്ഷ്യമിടുന്നത്. 10 സെന്റ് മുതൽ 2 ഏക്കർ വരെ സ്ഥലം ഉള്ളവരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. നടപ്പു വർഷം ഒരു പഞ്ചായത്തിൽ കുറഞ്ഞത് 10 യൂണിറ്റ് വീതം മാതൃകത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്ന കർഷകർ **നവംബർ 11-നകം** അപേക്ഷ നൽകേണ്ടതാണെന്ന് തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് മന്ത്രിയും വകുപ്പിലെ ഉദ്യോഗസ്ഥരും കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരോട് സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള കൃഷിദർശൻ എന്ന പരിപാടി തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ബ്ലോക്കിൽ 2022 നവംബർ 16 ന് തുടക്കം കുറിക്കുന്നു. പരിപാടിക്ക് മുന്നോടിയായി ബ്ലോക്കിലെ കർഷകർക്ക് അവരുടെ പരാതികൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. കൃഷിവകുപ്പിന്റെ എയിംസ് (അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ മാനേജ്മെന്റ് സിസ്റ്റം) പോർട്ടലിന്റെ പുതിയ പതിപ്പിലൂടെയാണ് കർഷകർ പരാതികൾ സമർപ്പിക്കേണ്ടത്. **2022 നവംബർ 10** വരെയാണ് പരാതികൾ ഓൺലൈനായി സമർപ്പിക്കേണ്ടത്. എഴുതി തയ്യാറാക്കിയ പരാതികൾ ഓൺലൈനായി അപ്‌ലോഡും ചെയ്യാവുന്നതാണ്. നെടുമങ്ങാട് ബ്ലോക്കിലെ കർഷകർക്ക് നേരിട്ടോ, അതത് കൃഷിഭവനുകൾ വഴിയോ പരാതികൾ സമർപ്പിക്കാവുന്നതാണ്.

3. തിരുവനന്തപുരം ജില്ലയിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി/ സംഘടനകളെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാതലത്തിൽ തെരഞ്ഞെടുത്ത് പുരസ്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾ അല്ലെങ്കിൽ അംഗീകൃത സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങളും സഹിതം നവംബർ മാസം പതിനാറാം തീയതിക്കകം തിരുവനന്തപുരം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്ടറുടെ ശുപാർശസഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോറങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

4. ഞങ്ങളും കൃഷിയിലേക്ക് എന്ന സംസ്ഥാന സർക്കാർ പദ്ധതിയുടെ ഭാഗമായി ഉത്തരമേഖല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പീലിക്കോട് നടപ്പിലാക്കുന്ന അണു കുടുംബങ്ങൾക്ക് മാതൃക അടുക്കളത്തോട്ടം എന്ന പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച അടുക്കളത്തോട്ടങ്ങളുടെ ഔപചാരികമായ സമർപ്പണം പീലിക്കോട് ഉത്തരമേഖല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് ഇന്നു (നവംബർ നാല്) രാവിലെ 11 മണിക്ക് തൃക്കരിപ്പൂർ എംഎൽഎ എം രാജഗോപാലൻ കുടുംബങ്ങൾക്ക് കൂൺ ബെഡ് നൽകിക്കൊണ്ട് നിർവഹിക്കും. വരും വർഷങ്ങളിൽ ഗവേഷണ കേന്ദ്രത്തിന്റെ ഈ പ്രവർത്തനം മാതൃകയാക്കി പഞ്ചായത്ത്/ കൃഷിഭവൻ നൂതന പദ്ധതിയിലൂടെ പഞ്ചായത്തിലെ 'മുഴുവൻ വീടുകളിലും അടുക്കളത്തോട്ടം' എന്നതാണ് ഈ പദ്ധതി കൊണ്ട് അന്തിമമായി ലക്ഷ്യമിടുന്നത്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

5. കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിൽ വേങ്ങേരിയിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന വിപണന കേന്ദ്രം ഈ മാസം 11-ന് (11.11.2022ന്) രാവിലെ 10.30-ന് അഗ്രോ ക്ലിനിക് സംഘടിപ്പിക്കുന്നു. താൽപര്യമുള്ള കർഷകർ **0495 2935850, 9188223584** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 കർഷകർക്കാണ് മുൻഗണന. വിളയുടെ രോഗ കീടബാധിതമായ ഭാഗം രോഗകേട് നിർണയത്തിനായി കൊണ്ടുവരാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **ഈ മാസം 8,9 തീയതികളിൽ പശുവളർത്തൽ, 15,16 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 23-ന് ഇറച്ചിക്കോഴി വളർത്തൽ** എന്നീ വിഷയങ്ങളിൽ **ക്ലാസ്സ് റൂം പരിശീലനവും 29-ന് ടർക്കി വളർത്തൽ** എന്ന വിഷയത്തിൽ **ഓൺലൈൻ പരിശീലനവും** സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **04829 234323** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522706** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. പത്തനംതിട്ട ജില്ലയിലെ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി **ശാസ്ത്രീയ പശുപരിപാലനം** എന്ന വിഷയത്തിൽ ഈ മാസം **18 മുതൽ 23** വരെ തീയതികളിൽ (18/11/22 മുതൽ 23/11/22) ആറു ദിവസത്തെ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **04734-299869, 9495390436, 9446453247** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ, വാട്ട്സാപ്പ് സന്ദേശം ചെയ്തോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. പരിശീലനാർത്ഥികൾ രണ്ട് ഡോസ് വാക്സിൻ സ്വീകരിച്ചവർ ആയിരിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

8. മണ്ണുത്തി വെറ്ററിനറി കോളേജിലെ ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ മാനേജ്മെൻറ് ഡിപ്പാർട്ട്മെൻറിന് കീഴിലുള്ള ഇക്കോഫാമിൽ സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷിക്കാം. ആറുമാസമാണ് കാലാവധി. നവംബർ 30-ന് മുമ്പ് അപേക്ഷ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് **9745793807** എന്ന ഫോൺ നമ്പരിലോ ecofarmmty@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

9. മുണ്ടകൻ കൃഷിയിറക്കിയ കോൾപ്പാടങ്ങളിൽ പട്ടാളപ്പുഴുവിന്റെ ആക്രമണം രൂക്ഷമാകുന്നു. രാത്രികാലങ്ങളിൽ കൂട്ടമായി ഇറങ്ങുന്ന പുഴുക്കൾ പ്രധാനമായും 20 ദിവസത്തിൽ താഴെ പ്രായമുള്ള നെൽച്ചെടികളെ ഏതാണ്ട് പൂർണ്ണമായി തിന്ന് നശിപ്പിക്കുന്നു. പറിച്ചു നടുന്നതിന് പകരം വിത്ത് വിതച്ച സ്ഥലങ്ങളിലാണ് ഇവയുടെ ആക്രമണം ഏറ്റവും മാരകമാവുന്നത്. ചാഴൂർ, പാറളം, ആലപ്പാട്, പള്ളിപ്പുറം,

ചേർപ്പ് തുടങ്ങിയ സ്ഥലങ്ങളിലെ പാടശേഖരങ്ങൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിലെ ശാസ്ത്രജ്ഞർ ഇനി പറയുന്ന നിയന്ത്രണമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു.

പാടങ്ങളിൽ വെള്ളം കെട്ടി നിർത്തുക. പക്ഷികളെ കൂടുതലായി ആകർഷിക്കുന്നതിന് വേണ്ടി മരച്ചില്ലകൾ പാടത്ത് നാട്ടിക്കൊടുക്കുക. ഉപയോഗം കഴിഞ്ഞ നഴ്സറികൾ നശിപ്പിക്കുക. കളനശീകരണം നടത്തുക. രാത്രികാലങ്ങളിൽ വിളക്ക് കെണികൾ സ്ഥാപിച്ച്  നിശാശലഭങ്ങളെ നശിപ്പിക്കുക. പുഴുക്കളെ കെണി വച്ച് പിടിച്ച് നശിപ്പിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം